**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 745** **28-06-2022 - ൽ മറുപടിയ്ക്ക്**

**പെൻഷൻ ഫണ്ട് കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ സഹകരണ സംഘങ്ങൾ അടയ്ക്കുവാനുള്ള വിഹിതം കുടിശ്ശിക ആക്കിയിട്ടുള്ളവയിൽ നിന്നും അവ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിൽ സഹകരണ സംഘങ്ങൾ അടയ്ക്കുവാനുള്ള കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് കേരള റവന്യൂ റിക്കവറി ആക്ട് 1968 (15 of 1968)-ലെ വ്യവസ്ഥകൾ കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിന് ബാധകമാക്കിയിട്ടുണ്ട്. അപ്രകാരം റവന്യൂ വകുപ്പ് മുഖേന കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിന് റിക്കവറി നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) | ആകെ എത്ര തുകയാണ് ഈ ഇനത്തിൽ പിരിച്ചെടുക്കാനുള്ളത് ;എത്ര തുകയാണ് ഇതിനോടകം പിരിച്ചെടുത്തിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ജീവനക്കാർ വിരമിയ്ക്കുന്ന സമയത്താണ് കുടിശ്ശിക കണക്കാക്കി ഡിമാന്റ് നൽകുന്നത്. ഫണ്ട് അടക്കാത്ത കേസ്സുകളിൽ റവന്യൂ റിക്കവറി റിക്വസിഷൻ നൽകുമ്പോൾ മാത്രമേ കുടിശ്ശിക തുക തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ എന്നിരിക്കെ നിലവിൽ എത്ര തുക പിരിച്ചെടുക്കാനുണ്ട് എന്ന് കൃത്യമായി കണക്കാക്കാൻ കഴിയുന്നതല്ല.<br><br>നിലവിൽ 9 ജില്ലാ സഹകരണ ബാങ്കു കളിലെ 10/2020 വരെയുള്ള അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജുൾപ്പെടെ 2016 മുതൽ ഓൺലൈൻ ആയി 26 കേസ്സുകൾക്ക് 19,37,28,120/- രൂപ ഈടാക്കുന്നതിന് റവന്യൂ റിക്കവറി റിക്വസിഷൻ നൽകിയിട്ടുണ്ട്. നാളിതുവരെ 67,01,350/- രൂപ ഈടാക്കി ലഭിച്ചിട്ടുണ്ട്. |
| (സി) | 1-4-2015 മുതൽ 31-3-2022 വരെ കേരളബാങ്ക് സംസ്ഥാന സഹകരണ പെൻഷൻ ബോർഡിലേക്ക് അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജ് ഇനത്തിൽ എത്ര തുക അടയ്ക്കുവാൻ കുടിശ്ശികയുണ്ട് ; കുടിശ്ശിക തുക എന്നത്തേക്ക് അടയ്ക്കും എന്ന് വിശദമാക്കാമോ ? | (സി) | 31/03/2022 വരെ കേരള ബാങ്ക്, സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡിലേയ്ക്ക് അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജ് ഇനത്തിൽ പലിശയുൾപ്പെടെ 24,53,78,162/- രൂപ അടയ്ക്കുവാൻ കുടിശ്ശികയുള്ളതായി പെൻഷൻബോർഡ് അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ കേസ് നിലവിലുള്ളതിനാൽ അന്തിമ വിധിക്ക് വിധേയമായി |

| | | | |
|---|---|---|---|
| | | | മാത്രമേ തുക അടയ്ക്കുന്ന വിഷയത്തിൽ തീരുമാനമെടുക്കാൻ സാധിക്കൂ. |

സെക്ഷൻ ഓഫീസർ